Draft #1 of File 20961/AD A1/1/2019/AD A 1 Approved by REGISTRAR (i/c) on 26-Jun-2019 03:25 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 26.09.2018-ന് ചേർന്ന സംസ്ഥാനതല അനദ്ധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ - സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് കൈക്കൊണ്ട തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 2926/AD A 1/2019/എം.ജി.യു

പി.ഡി. ഹിൽസ്,തീയതി: 26.06.2019

---

പരാമർശം:-1. 25.10.2018 തീയതിയിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കെ1/279/18/ഉ.വി.വ. നമ്പർ കത്തും അതോടൊപ്പം അയച്ചുനൽകിയ നടപടികുറിപ്പും.

2. 31.05.2019-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നം. 100/19.04/182480.

**ഉത്തരവ്**

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ സംസ്ഥാനതല അനദ്ധ്യാപക സംഘടനാ പ്രതിനിധികളുടെ ഒരു യോഗം ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 26.09.2018-ന് ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൻറെ നടപടിക്കുറിപ്പ് പരാമർശം (1) പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും അയച്ചുനൽകിയിരുന്നു. തുടർന്ന്, ടി യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. 31.05.2018-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (2) പ്രകാരം പ്രസ്തുത വിഷയം പരിഗണിക്കുകയും, മേൽ പരാമർശിച്ച യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളിലെ 1, 2, 3 ശുപാർശകൾ അംഗീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇതിൻപ്രകാരം, സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിനായി സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുള്ള കാര്യങ്ങൾ, താഴെ പ്രതിപാദിക്കുന്നു.

1. സർവ്വകലാശാലയിൽ സർട്ടിഫിക്കറ്റ് വിതരണം ഓൺലൈൻ മുഖേന ചെയ്യുന്നതാണ്..
2. അംഗീകൃത സർവ്വകലാശാലകളുടെ ബിരുദങ്ങൾക്ക് Equivalency Certificate നിഷ്കർഷിക്കുന്നത് ഒഴിവാക്കികൊള്ളുന്നു..
3. സർവ്വകലാശാലയിൽ ഫലപ്രസിദ്ധീകരണത്തിന് പൊതുവായ തീയതി നിശ്ചയിക്കുന്നതിന്റെ ഭാഗമായി, ഏപ്രിൽ 30-ന് മുൻപ് ഡിഗ്രിയുടെയും, മെയ് 31-ന് മുൻപ് പി.ജി.യുടെയും ഫലം പ്രസിദ്ധീകരിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ .കെ. സാബുകുട്ടൻ

രജിസ്ട്രാർ (i/c)

പകർപ്പ്

1. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
3. ജോയിൻറ് രജിസ്ട്രാർ/ ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/പരീക്ഷ/അക്കാദമികം/ധനകാര്യം)
4. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. സർവ്വകലാശാല
5. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ് /കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
6. എസി.സി. I/II/ പബ്ലിക് റിലേഷൻസ് ഓഫീസർ
7. റിക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 20961/AD A1/1/2019/AD A 1 Approved by REGISTRAR (i/c) on 26-Jun-2019 03:25 PM - Page 2